**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6170** **09-07-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പെൻഷൻ കമ്പനിക്ക് നൽകിയ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയ്ക്ക് വായ്പ നൽകുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും തുക സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് 14.03.2019 ലെ ജി.ഒ(ആർ.റ്റി) നം.200/2019/സഹ പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം മുഖേന ഫണ്ട് സമാഹരിച്ച് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയ്ക്ക് വായ്പയായി നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി നൽകിയിട്ടുള്ള വായ്പ, കാലാവധി പൂർത്തിയായ ശേഷം തുക തിരികെ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് ആയത് തിരികെ നൽകുകയും വായ്പ പുതുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം വായ്പയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പ നൽകിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കെതിരെ ആദായ നികുതി വകുപ്പ് നടപടികൾ സ്വീകരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ പുലമാന്തോൾ സർവ്വീസ് സഹകരണ ബാങ്ക് അരക്കു പറമ്പ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് ആദായനികുതി വകുപ്പ് ടി വിഷയവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകുകയും ടാക്സ് അടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുലമാന്തോൾ സർവ്വീസ് സഹകരണ ബാങ്ക് സാമൂഹ്യ സുരക്ഷ പെൻഷൻ കൺസോർഷ്യത്തിലേക്ക് നിക്ഷേപിച്ച തുക നിക്ഷേപം എന്നതിൽ നിന്നും മാറ്റി വായ്പയായി ക്രമീകരിച്ചതിനു ശേഷം ആദായനികുതി വകുപ്പ് ടി ബാങ്കിന് ഇളവ് |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുള്ളതാണ്. അരക്കുപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് സാമൂഹ്യ സുരക്ഷ പെൻഷൻ കൺസോർഷ്യത്തിലേക്ക് നിക്ഷേപിച്ച തുക നിക്ഷേപം എന്നതിൽ നിന്നും മാറ്റി വായ്പയായി ക്രമീകരിച്ച് ഇളവനുവാദത്തിന് ആദായനികുതി വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ